(ഡി) ഇനിയും കൂടുതൽ ട്രാൻസ്പോർട്ട് സ്റ്റേഷനുകൾ തുടങ്ങുന്നതിന് പരിപാടിയിട്ടിട്ടുണ്ടോ; എങ്കിൽ അത് സംബന്ധിച്ച് വിശദമാക്കാമോ?

ഉത്തരം

(എ) 4 എണ്ണം.

(ബി) വാങ്ങിയിട്ടില്ല. പഞ്ചായത്ത്/നാട്ടുകാർ നൽകിയ സ്ഥലത്താണ് ബസ്സ് സ്റ്റേഷൻ തുടങ്ങിയിട്ടുള്ളത്.

(സി) വിവരം ലഭ്യമല്ല.

(ഡി) തിരുവനന്തപുരത്ത് മെഡിക്കൽ കോളേജിന് സമീപം കെ.എസ്.ആർ. ടി.സി. ബസ് സ്റ്റേഷൻ തുടങ്ങുന്നതിന് ഉദ്ദേശമുണ്ട്. സ്ഥലവും മറ്റ് അടിസ്ഥാന സൗകര്യങ്ങളും ലഭ്യമാകുന്ന മുറയ്ക്ക് ഇക്കാര്യത്തിൽ തീരുമാനമെടുക്കുന്നതാണ്.

സർക്കാരിന്റെ ബോഡി ബിൽഡിംഗ് ഡിപ്പോയിൽ നിർമ്മിച്ചിട്ടുള്ള ബസ്സുകളുടെ ബോഡി

144(1424) ശ്രീ. എ. സി. ഷൺമുഖദാസ്:

ശ്രീ. സി. കെ. നാണു:

ശ്രീ. കെ. പി. മോഹനൻ:

ഡോ. എ. നീലലോഹിതദാസൻ നാടാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര കെ.എസ്.ആർ.ടി.സി. ബസ്സുകളുടെ ബോഡി നിർമ്മിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ബി) ഇതിൽ സർക്കാരിന്റെ ബോഡി ബിൽഡിംഗ് ഡിപ്പോയിൽ എത്ര ബസ്സുകളുടെ ബോഡി നിർമ്മിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; ഡിപ്പോയുടെ പേരും നിർമ്മിച്ച ബോഡികളുടെ കണക്കും വെളിപ്പെടുത്തുമോ;

(സി) കെ.എസ്.ആർ.ടി.സി. സ്വകാര്യ സ്ഥാപനങ്ങളെ ബസ്സിന്റെ ബോഡി ബിൽഡിംഗിനായി ഏൽപ്പിച്ചിരുന്നുവോ; എങ്കിൽ ഏതൊക്കെ സ്ഥാപനങ്ങളിലാണെന്നും, ശരാശരി ഓരോ ബോഡിക്കും ചെലവായ തുക എത്രയാണെന്നും വെളിപ്പെടുത്തുമോ?

ഉത്തരം

എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം 413 ബസ്സുകളുടെ ബോഡി നിർമ്മിച്ചിട്ടുണ്ട്.

(ബി) കെ.എസ്.ആർ.ടി.സി.-യുടെ പാപ്പനംകോട് സെൻട്രൽ വർക്ക്സിൽ നിന്നും ഈ കാലയളവിൽ 49 ബസ്സുകളുടെ ബോഡി നിർമ്മിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഉണ്ട്. താഴെപ്പറയുന്ന സ്ഥാപനങ്ങളെ കെ.എസ്.ആർ.ടി.സി. ബോഡി ബിൽഡിംഗിനായി ഏൽപ്പിച്ചിരുന്നു. സ്ഥാപനങ്ങളുടേയും ശരാശരി ഓരോ ബസ്സിനും ചെലവായ തുകയും അനുബന്ധമായി ചേർത്തിരിക്കുന്നു.†

കെ.എസ്.ആർ.ടി.സി. ബസ്സുകളുടെ ടയർ റീ സോളിംഗ്

145(1425) ശ്രീ. പി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. ബസ്സുകളുടെ ടയർ റീ സോളിംഗ് ഏതൊക്കെ കമ്പനികളിലാണ് നടത്തുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) റീസോളിംഗ് കമ്പനികൾക്ക് റീസോളിംഗിന്റെ ക്വാളിറ്റി സംബന്ധിച്ച് എന്തെല്ലാം നിർദ്ദേശങ്ങളാണ് കെ.എസ്.ആർ.ടി.സി. നൽകിയിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ;

(സി) ഇത് പാലിക്കാത്ത കമ്പനികളിൽ നിന്ന് നഷ്ടം ഈടാക്കാൻ നിലവിൽ എന്തെങ്കിലും സംവിധാനം ഉണ്ടോ; എങ്കിൽ ഇതിന്റെ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ടയർ റീ സോളിംഗ് കെ.എസ്.ആർ.ടി.സി. വർക്ക്ഷോപ്പുകളിൽ തന്നെയാണ് ചെയ്യുന്നത്.

(ബി-സി) ചോദ്യം ഉദിക്കുന്നില്ല.

ബസ്സ് ചാർജ്ജ് വർദ്ധന

146(1426) ശ്രീ. എ. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യു. ഡി. എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര തവണ ബസ്സ് ചാർജ്ജ് വർദ്ധിപ്പിച്ചിട്ടുണ്ട്; ഓരോ തവണയും എത്ര ശതമാനം വീതമാണ് വർദ്ധിപ്പിച്ചത്;

(ബി) 2001 മേയ് മാസത്തിനുശേഷം കെ.എസ്.ആർ.ടി.സി.-യുടെ സഞ്ചിത നഷ്ടം ഓരോ വർഷവും എത്ര കോടി രൂപ വീതമാണ്;

(സി) 2001 മേയ് മാസത്തിനുശേഷം ഓരോ വർഷവും കെ.എസ്.ആർ.ടി.സി.-യുടെ വരുമാനം എത്ര കോടി രൂപ വീതമാണ്?

---

†അനുബന്ധം-VII കാണുക

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം VII

[20-2-2006-ലെ 144(1424)-ാം നമ്പർ ചോദ്യത്തിന്റെ ഉത്തരം കാണുക]

1.	ഹർഷാ വീൽ മൂവേഴ്സ്-ബാംഗ്ലൂർ-സൂപ്പർഫാസ്റ്റ് എൽ/എൽ ഹർഷാ വീൽ മൂവേഴ്സ്-ബാംഗ്ലൂർ-ഫാസ്റ്റ് പാസഞ്ചർ	548153 512823
2.	ടി.വി.എസ്. സൂപ്പർ ഫാസ്റ്റ് എൽ/എൽ ടി.വി.എസ്. ഫാസ്റ്റ് പാസഞ്ചർ എൽ/എൽ ടി.വി.എസ്. ഡീലക്സ് എൽ/എൽ ടി.വി.എസ്. അനന്തപുരി എൽ/എൽ ടി.വി.എസ്. വേണാട് എൽ/എൽ	548153 512823 812905 489340 498444
3.	ഹൈടെക്-ആലപ്പുഴ - സൂപ്പർ ഫാസ്റ്റ് എൽ/എൽ ഹൈടെക്-ആലപ്പുഴ - ഫാസ്റ്റ് പാസഞ്ചർ എൽ/എൽ ഹൈടെക്-ആലപ്പുഴ - ഫാസ്റ്റ് പാസഞ്ചർ റ്റാറ്റാ ഹൈടെക്-ആലപ്പുഴ - ഡീലക്സ് എൽ/എൽ ഹൈടെക്-ആലപ്പുഴ - അനന്തപുരി റ്റാറ്റാ ഹൈടെക്-ആലപ്പുഴ - വേണാട് റ്റാറ്റാ	546153 512683 510000 728134 512790 521894
4.	സിറിക്കെക്കോൺ ഹൈദ്രബാദ്- സൂപ്പർഫാസ്റ്റ് പാസഞ്ചർ എൽ/എൽ	519880
5.	ആട്ടോ കോച്ച് ബിൾഡേഴ്സ് ഹൈദ്രബാദ് സൂപ്പർഫാസ്റ്റ് ഫാസ്റ്റ് പാസഞ്ചർ	519880
6.	ശക്തി ഇൻഡസ്ട്രീസ് ചിറ്റൂർ, പാലക്കാട് ഫാസ്റ്റ് പാസഞ്ചർ റ്റാറ്റാ ശക്തി ഇൻഡസ്ട്രീസ് ചിറ്റൂർ, പാലക്കാട് സൂപ്പർ ഫാസ്റ്റ് പാസഞ്ചർ എൽ/എൽ	510000 519880
7.	പോപ്പുലർ മെഗാ മോട്ടോർസ്, പള്ളിച്ചൽ വേണാട് പോപ്പുലർ മെഗാ മോട്ടോർസ്, അനന്തപുരി ഫാസ്റ്റ്	523000 513000
8.	റായൽ എഞ്ചിനീയറിംഗ് കമ്പനി കരൂർ റ്റാറ്റാ ഫാസ്റ്റ് പാസഞ്ചർ (എൽ/എൽ ലൈലാന്റ്)	510000

LIBRARY ARCHIVES Kerala Legislative Assembly